# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**3628**      14.03.2017 - ൽ മറുപടിയ്ക്ക്

**കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടപ്പാക്കുന്നതിനുള്ള പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ:** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) വളരെ കുറഞ്ഞ ചെലവിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടപ്പാക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മുൻസർക്കാരിന്റെ കാലത്ത് ആരംഭംകുറിച്ച പദ്ധതി നിർത്തലാക്കിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പദ്ധതി നിർത്തലാക്കിയിട്ടില്ല. എന്നാൽ പ്രസ്തുത പദ്ധതിയിലെ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അപാകതകൾ പരിഹരിച്ച് പദ്ധതി വിജകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനായി ചില പരിഹാര നടപടികൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതാണ്. |
| (ബി) ഇപ്രകാരമുള്ള നടപടി, സ്വകാര്യ ആശുപത്രികളെ സഹായിക്കുന്നതിന് വഴിയൊരുക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ബാധകമല്ല |
| (സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് തുടർന്നു പ്രവർത്തിക്കുന്നതിനും മറ്റ് മെഡിക്കൽ കോളേജുകളിൽ കൂടി ഈ സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് നിലവിലുണ്ട്. പ്രസ്തുത പദ്ധതി വിജയകരമാകുന്ന മുറയ്ക്ക് മറ്റ് മെഡിക്കൽ കോളേജുകളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ